JULY 2020 | EDITION 1 | VOLUME 3

# Pallikoodam Times

## “പള്ളിക്കൂടവും പുതിയ സാഹചര്യവും”

ഇന്നത്തെ സാഹചര്യത്തിൽ പള്ളിക്കൂടം ഒരു പുതിയ പഠന രീതി സ്വീകരിച്ചിരിക്കുകയാണ്, ഓൺലൈൻ പഠനരീതി. ലോകത്താകമാനം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഈ മാറ്റത്തിലൂടെ സഞ്ചരിച്ചു കൊണ്ടിരിക്കുകയാണ്. ഈ നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ നമ്മളും ഈ അസാധാരണ സാഹചര്യത്തിൽ വെർച്ച്യുൽ ക്ലാസ്സിലേക്ക് മാറിയിരിക്കുകയാണ്. ഈ പഠന രീതി വളരെ വേഗത്തിൽ തന്നെ നമ്മുടെ കുട്ടികൾക്ക് അറിവ് പകരുവാൻ സഹായിക്കുന്നുണ്ട്. അവർക്കത് ആസ്വദിക്കുവാനും കഴിയുന്നുണ്ടെന്നാണ് ഞങ്ങൾ മനസ്സിലാക്കിയത്. ഇപ്പോൾ ഇതൊരു സാധാരണ വിദ്യാഭ്യാസ രീതിയായി മാറി കൊണ്ടിരിക്കുകയാണ്.
ക്ലാസുകൾക്കായി ഞങ്ങൾ സൂം പ്ലാറ്റ്ഫോം ആണ് പ്രധാനമായും ഉപയോഗിക്കുന്നത്.

ഈ പുതിയ അദ്ധ്യാപന രീതി വിദ്യാർത്ഥികൾക്ക് നന്നായി മനസ്സി-ലാകുന്നുണ്ടെന്നും അവർ പഠിച്ച കാര്യങ്ങൾ അവരുടെ ഓർമയിൽ നിലനിർത്തുന്നതിനുമുള്ള കഴിവ് വർദ്ധിപ്പിച്ചുണ്ടെന്നും ഗവേഷണങ്ങൾ തെളിയിച്ചിട്ടുണ്ട്.

ഈ അവസരത്തിൽ പള്ളിക്കൂടം ഭാരവാഹികൾ ഞങ്ങളുടെ അധ്യാപകരോട് വളരെയധികം കടപ്പെട്ടിരിക്കുകയാണ്. ലെവൽ-5 ടീച്ചർ നസീബ് അവർക്ക് ആവശ്യമായ പ്രാഥമിക പരിശീലനം നൽകി. DET, NSWFCLS എന്നിവ സംഘടിപ്പിച്ച വർക്ക് ഷോപ്പുകൾ അധ്യാപകരെ ഈ അദ്ധ്യാപന രീതിയുമായി പൊരുത്തപ്പെടാൻ സഹായിച്ചു. പുതിയ അധ്യാപന രീതികളുമായി എളുപ്പത്തിൽ പൊരുത്തപ്പെട്ടതിന് ഞങ്ങളുടെ അധ്യാപകരെ അഭിനന്ദിക്കുന്നു.

ഈ പഠന രീതിയിലേക്ക് മാറിയപ്പോൾ പള്ളിക്കൂടവുമായി സഹകരിച്ച എല്ലാ രക്ഷിതാക്കളോടും ഞങ്ങൾ കടപ്പെട്ടിരിക്കുന്നു.

ഈ ഓൺലൈൻ പഠനരീതിക്ക് അതിന്റെതായ ദോഷ വശങ്ങളുമുണ്ട്, കുട്ടികളുമായിട്ട് നേരിട്ടുള്ള ഒരു സമ്പർക്കമില്ലാതെയാണീ ക്ലാസുകൾ നടക്കുന്നത്. രക്ഷിതാക്കളുടെ ഒരു മേൽനോട്ടം എപ്പോഴും ആവശ്യമാണ്. എന്നിരുന്നാലും ഇന്നത്തെ സാഹചര്യങ്ങൾ വിലയിരുത്തി നമ്മുടെ കുട്ടികൾക്ക് കൊടുക്കാവുന്ന ഏറ്റവും നല്ല ഒരു പഠന രീതിയാണ് പള്ളിക്കൂടം ആവഷ്കരിച്ചിട്ടുള്ളത്.

Dr. Ali Parappil
*Editorial team*
Pallikoodam Times

Established in 2018, Accredited with Department of Education, NSW.
Member of NSW Federation of Community Language Schools.

**What’s Inside**

**Meet our teachers**

**Articles**
- പക്ഷിയുടെ പറുദീസ
- പൈതലിൻ പുഞ്ചിരി
- എൻറെ വളർത്തുമൃഗം

**Announcements**

**Kids Kaleidoscope**

**Lock down competitions**
-The winners

**Teachers get-together**

**Fun corner**
- പദപ്രശ്നം
- പഴഞ്ചൊല്ലുകളും - അർത്ഥങ്ങളും

**Editorial Team**
Sreehari Nambiar
Dr. Ali Parappil
Dr. Shifla Sarfraz
Dr. Rafeena Kidavintavida
Mohammed Hashim
Mohsin Aboobacker

Copyrights @ Pallikoodam

## Meet our Teachers

*Principal*
**Najiha Basheer**

*Vice principal*
**Fathima Latheef**

**Permanent Teachers**

*Level 1*
**Vipina Nithin**



*Level 1*
**Seena Kunhi**



*Level 2*
**Chinnu Gopkumar**



*Level 2*
**Najiha Basheer**



*Level 3*
**Shifla Madari**



*Level 3*
**Fathima Latheef**



*Level 4*
**Rafeena Kidavintavida**



*Level 4*
**Suhara Faisal**



**Casual Teachers**

*On maternity leave*
**Bincy Basil**



**Anoopa Velayudhan**



**Ramzi Rahoof**



**Afshan Koya**



**Sunaina Aslam**



**Jisni Abdurahman**



**Sreehari Nambiar**





From this year we have started Level 5 for those who are interested in:

- *A Crash course for visiting Kerala and learn Malayalam for essential communication.*
- *Learning language to converse with relatives in Kerala (esp. grandparents).*
- *To those who have completed Y12 and interested in learning advanced Malayalam or sharpening their language skills.*

We have Mr. Nazeeb as the dedicated teacher and at present we have 3 students.
*Please contact the team for further information.*

- Pallikoodam management welcomes Vipina Nithin as Level-1 teacher
- The management team also welcomes all the new casual teachers.

Copyrights @ Pallikoodam

## പക്ഷിയുടെ പറുദീസ

ഇനിയുമേറെ ദൂരം പോകുവാനുണ്ടെനി-
ക്കകലയാ കാണുന്ന മാമലയ്ക്കപ്പുറം.
അലതല്ലിയിളകി മറിയുന്ന കാറ്റിലായ്
നിലതെറ്റി വീഴുമോ എൻ കുഞ്ഞു കൂടൊന്ന്.

കുഞ്ഞു മരത്തിലെ കനമുള്ള കൊമ്പത്ത്
ചുള്ളിയും ചകിരിയും പട്ടുതൂവാലയും
ചേർത്തോരോ ദിനവും മിനുക്കിഞാൻ എൻ
കുഞ്ഞിക്കിളിയ്ക്കായ് കൊട്ടാരക്കൂടൊന്ന്.

മുട്ടകൾ ഭദ്രമായ് ചേർത്തു വയ്ക്കുമ്പോഴും
ചുറ്റിലായ് കണ്ണുകൾ പരതി കൊണ്ടെപ്പോഴും
ശത്രുവിൻ രൂപത്തിലായി വന്നാരെങ്കിലും
മുട്ടകൾ മോഷ്ടിച്ചു പോകുവാതിരിക്കാനായ്.

ആ ദിനം വന്നെത്തി ഈ ലോകം കാണുവാൻ
ഓമനത്തം വിടർത്തും ചുണ്ടുകളുമായ്.
പട്ടുപോലുള്ളൊരാ മേനിയിൽ ഇക്കിളി
കൂട്ടുവാനാണെനിക്കെപ്പോഴും പ്രിയം.

എൻ കുഞ്ഞി പൈതലിനിത്തിരി വറ്റിനായ്
സൂര്യോദയത്തിനു മുന്നേ പറന്നു ഞാൻ
കൈയ്യിൽ കരുതിയ ഭക്ഷണമത്രയും
കൊണ്ടു ഞാൻ വേഗത്തിലാഞ്ഞു പറക്കവേ
ആഞ്ഞൊന്നു വെട്ടി ഇടിയും പേമാരിയും.

പറക്കമുറ്റാത്തൊരാ കുഞ്ഞിക്കിളികളെ
ഓർത്തു ഞാൻ വേഗത്തിലാഞ്ഞു പറന്നു-
പോയി
ദൂരത്തായുള്ളൊരാ കൂടുള്ള മരമൊന്നു
കൺമുന്നിൽ കണ്ടപ്പൊഴെൻ മനം
മന്ദഹസിച്ചു

കരുതിയ വറ്റുകളത്രയും ഒരു പോലെ
വീതിച്ചു
പറവകൾക്കേകി ഞാൻ സമ്പുഷ്ടമായി.
ഒരു ദിനം അല്ലലില്ലാതെ കടന്ന ഞാൻ
അഖിലേശനെ സ്തുതിച്ചു നിദ്രയിലാണ്ടു
പോയി.

*ഫാത്തിമ ലത്തീഫ്* **(level-3 teacher)**

---

## <u>പൈതലിൻ പുഞ്ചിരി</u>

പുലരിയിൽ വിടരുന്ന മലരും
മലരിൽ ഊറുന്ന മധുവും
മധു നുകരുന്ന കിളിയും
കിളി പാടുന്ന പാട്ടും
പാട്ടിനു താളമിടുന്ന കാറ്റും
കാറ്റിൽ ഇളകുന്ന ഇലകളും
ഇലകൾ തരുന്ന തണലും
തണലിൽ ഉറങ്ങുന്ന ഭൂമിയും
ഭൂമിയെ പുൽകുന്ന മാനവും
മാനത്തു പിറക്കുന്ന പുലരിയും
പുലരിയിൽ വിടരുന്ന മലരും...
കാണുന്നു ഞാൻ
പൈതലേ നിൻ നറു പുഞ്ചിരിയിൽ!

***എ. എസ്. എം. സജീവ് (Director Pallikoodam)***

Copyrights @ Pallikoodam

# എൻറെ വളർത്തുമൃഗം


എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട വളർത്തുമൃഗം പൂച്ചയാണ്. പൂച്ചകൾ വളരെ കുസൃതിയും അനുസരണ ശീലവും ഉള്ള മൃഗം ആയതിനാൽ എനിക്ക് വളരെ ഇഷ്ടമാണ്.

ഒരു ദിവസം ഞങ്ങളുടെ വീടിൻറെ പുറകു-വശം വഴിതെറ്റിയ ഒരു പൂച്ച വന്നു. തണുപ്പു കൊണ്ടും വിശപ്പുകൊണ്ടും അതും അത് വിറക്കുന്നുണ്ടായിരുന്നു. പേടിച്ചരണ്ട കണ്ണു-കളോടെ അത് എന്നെ തുറിച്ചു നോക്കി. ഞാൻ അടുക്കളയിൽ പോയി അതിന് കുറച്ച് പാലു കൊണ്ടു കൊടുത്തു, അവൾക്ക് ഉറങ്ങാനുള്ള സൗകര്യവും ചെയ്തു കൊടുത്തു.

കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവൾക്ക് രണ്ട് കുഞ്ഞുങ്ങളും കൂടി ഉണ്ടെന്ന് എനിക്ക് മനസ്സിലായി. ഞാൻ ആ കുഞ്ഞുങ്ങളെ എടുത്തു കൊണ്ടു വന്നു ചൂടത്തു വെച്ചു. ഞാനവർക്ക് മെസ്സി എന്നും നെയ്മർ എന്നും പേരിട്ടു.

കുറച്ചുനാൾ കഴിഞ്ഞ് അവർ വലുതാ-യപ്പോൾ ഞങ്ങളുടെ വീട് വിട്ടുപോയി. പിന്നീടൊരിക്കലും അവ തിരിച്ചു വന്നില്ല. ഇപ്പോൾ എനിക്ക് ഒരു വളർത്തുമൃഗം ഇല്ല. ഒരു പൂച്ചയെ വളർത്തുമൃഗം ആയി കിട്ടാൻ എനിക്ക് വലിയ ആഗ്രഹമുണ്ട്.

***ഇഷാൻ മൊഹിയുദ്ദിൻ* (level-3 student)**




Copyrights @ Pallikoodam

## Announcements

Pallikoodam has been selected as one of the 30 schools to be piloted for Compliance and in turn becoming a model community language school. (Out of 450 Schools in NSW). In this endeavour DET and NSWFCLS will support to make Pallikoodam a model community school.

*Congratulations to Pallikoodam community, dedicated teachers, volunteers, parents and students.*

Pallikoodam book committee is in the process of releasing **textbooks and workbooks for level-1** from next academic year. It's a project undertaken with partial funding from Dept. of Education, NSW and administered by the NSW Community Language Schools Program.

### Movie time

November 29th 11.30am



### Future Awards and Recognitions

1. "New Teacher Award" nomination (NSW state level, Yearly)
2. Best attendee award (all levels) (School level, Yearly)
3. Best Academic award (all levels) (School level, Yearly)


### Creative kids Voucher


The NSW Government is helping kids get creative with the new Creative Kids program. Parents, guardians and carers can apply for a voucher with a value of up to $100 per calendar year for each student aged 4.5 to 18 years old enrolled in school. The voucher may be used with a registered activity provider for registration, participation and tuition costs for creative arts, speech, drama, dance, digital design, coding, and music lessons and activities. The voucher can be used at any time during the calendar year it was issued. To use the voucher, give the details to your registered activity provider. The program runs year-round, so kids can get creative at any time. (*Extracted from the website*).For more info and applying for the creative kids voucher, Please proceed to this link:

https://www.service.nsw.gov.au/transaction/apply-creative-kids-voucher

Copyrights @ Pallikoodam


## Kid's Kaleidoscope







Copyrights @ Pallikoodam

## Lock down competition

The following are the top 3 drawing entries for the competition



Alhan Aisha Level 1
(**winning entry**)




Nuzar Zyva Rikas Level 2




Eva Mohsin Level 2

Copyrights @ Pallikoodam

## ലോക്കഡൌണിലെ എന്റെ ദിവസങ്ങൾ –*അസ്ഫെർ സാജിദ് [level 4 ]*(**winning entry**)

This was a handwritten article, in-order to appreciate the child's effort it's presented in image format.

ലോക്ഡൗണിലെ എന്റെ ദിവസങ്ങൾ.

'ലോക്ഡൗൺ', വാർത്തകളിൽ മാത്രം ഞാൻ കണ്ടിട്ടുള്ള ഒരു കാര്യം എന്റെയും ജീവിതാനുഭവം ആയത് 'കൊറോണ' അല്ലെങ്കിൽ കോവിഡ്-19 എന്ന രോഗത്തിന് മരുന്ന് ഇല്ല എന്നതുകൊണ്ടും, അത് കാരണം പലർക്കും ജീവൻ നഷ്ടപ്പെടുന്നു എന്നതും കൊണ്ടാണ്. ~~വീട്ടിൽ ഇരുന്ന്~~ രോഗം പടരുന്നതിനെ തടയുക എന്ന ലക്ഷ്യത്തോടെ വീട്ടിൽ ഇരിക്കുക. വീട്ടിലെ മുതിർന്ന അംഗം അത്യാവശ്യ സാധനങ്ങൾക്ക് മാത്രം പുറത്ത് പോവുക.

ആദ്യം കേട്ടപ്പോൾ സന്തോഷം തോന്നി, കുറച്ച് ദിവസം വീട്ടിൽ വെറുതെ ഇരിക്കാം. എന്നാൽ ദിവസം കടന്ന് പോകുംതോറും മടുത്ത് തുടങ്ങി. ഈ ദിവസങ്ങൾ ഉപയോഗപ്രദമാക്കാൻ ഞാൻ തീരുമാനിച്ചു. പുറത്ത് കളിസ്ഥലങ്ങളിൽ പോകുന്നതിന് പകരം യൂട്യൂബിൽ പല വ്യായാമം വീഡിയോ നോക്കി ~~ചെ~~ അത് പോലെ ~~ചെയ്ത്~~ വ്യായാമം ചെയ്ത് ആരോഗ്യവാനാകാൻ ശ്രമിച്ചു. ഹോട്ടലിൽ പോവാൻ പറ്റാത്തത് കൊണ്ട് പല തരം ഭക്ഷണങ്ങൾ ~~പലി~~ ഉണ്ടാക്കി നമ്മുക്ക് തരാൻ അമ്മ ശ്രമിച്ചു. ഞാനും അതുണ്ടാക്കുമ്പോൾ അമ്മയെ ചിലപ്പോൾ അടുക്കളയിൽ സഹായിക്കും. ~~കൂട്ടുകാ~~ ഓൺലൈൻ ക്ലാസ്സും, സൂം മീറ്റിംഗും മുഖേനെ ടീച്ചർമാരെയും, കൂട്ടുകാരെയും, കുടുംബാംഗങ്ങളെയും കാണുവാനും, പഠിക്കുവാനും, സംസാരിക്കുവാനും, കളിക്കുവാനും സാധിക്കുന്നു. എനിക്ക് ഈ സമയത്ത് ചെയ്യാൻ ഏറ്റവും ഇഷ്ടമുള്ള കാര്യവും ഇതു തന്നെ. കൂടുതൽ പുസ്തകങ്ങൾ വായിക്കുവാൻ ഈ സമയത്ത് അവസരം കിട്ടി. അതു കാരണം കൂടുതൽ പഠിക്കുവാനും വിവരങ്ങൾ ലഭിക്കുകയും ചെയ്തു. കുടുംബത്തോടൊപ്പം ടിവി കാണുവാനും ബോർഡ് ഗെയിം കളിക്കുവാനും എനിക്ക് ഇഷ്ടമാണ്. ഓരോ ദിവസവും പുതിയ പുതിയ കാര്യങ്ങൾ ചെയ്ത് ദിവസങ്ങൾ സന്തോഷകരമാക്കാൻ ശ്രമിച്ചു.

Copyrights @ Pallikoodam

എല്ലാവർക്കും ഒറ്റ പ്രാർത്ഥന മാത്രം 'പെട്ടെന്ന് തന്നെ ഈ മഹാമാരി വൈറസ് ഈ ലോകത്ത് നിന്ന് എന്നെന്നേക്കുമായി മാഞ്ഞ് പോവണം.' ലോകം പണ്ടത്തെ പോലെ ഭീതി കൂടാതെ സന്തോഷത്തോടെ കണ്ടുമുട്ടലും ഒത്തുചേരലും ~~ഒരുമിച്ച് സ~~ ഒത്തൊരുമയായി സന്തോഷത്തോടെ ജീവിക്കണം. അത് പോലെ വീട്ടിൽ ഇരുന്ന് വിശ്രമിക്കാതെ ഈ രോഗം പടരുന്നത് തടയുവാനും, രോഗികളെ ചികിത്സിക്കുവാനും രാപ്പകൽ പരിശ്രമിക്കുന്ന ആരോഗ്യപ്രവർത്തകർക്കും, നിയമപാലകൻമാർക്കും ഒരു വലിയ സല്യൂട്ട്

## എന്റെ ലോക്ക് ഡൌൺ ദിനങ്ങൾ

ഈ വർഷം ആയിരുന്നു covid -19 ലോക്ക് ഡൌൺ, അതുകൊണ്ട് എല്ലാവരും വീട്ടിൽ തന്നെ ആയിരുന്നു. ഞാനും മറ്റുള്ളവരെ പോലെ ഒന്നും ചെയ്യാനില്ലാതെ ഇരുന്നു. ആദ്യ കുറച്ചു ദിവസങ്ങൾ നല്ലതായിരുന്നു കാരണം സ്കൂൾ ഇല്ലായിരുന്നു. എന്നാൽ കുറച്ചു ദിവസം കഴിഞ്ഞപ്പോൾ എനിക്ക് ബോറടിക്കാൻ തുടങ്ങി. അത് കൊണ്ട് ഞാൻ പുതിയ റെസിപ്പീസ് പരീക്ഷിച്ചു.

കുറച്ചു കഴിഞ്ഞപ്പോൾ ഓൺലൈൻ ക്ലാസുകൾ തുടങ്ങി, അങ്ങനെ ഞാൻ തിരക്കിലായി. അവധി ആയപ്പോൾ ഞാൻ എന്റെ കൂട്ടുകാരുമൊത്തു ഫേസ്ടൈം ചെയ്തു, സിനിമകൾ കണ്ടു, പുസ്തകങ്ങൾ വായിച്ചു. പിന്നെ വീണ്ടും ബോറടിച്ചു. ലോക്ക് ഡൌൺ കഴിഞ്ഞപ്പോൾ എനിക്ക് സന്തോഷമായിരുന്നു.

**ഫിദ ഫിബീർ**

---

**The winners**

*Drawing competition*:

🏆 **Alhan Aisha** 🏆

*Writing competition*:

🏆 **Azfer Sajid** 🏆

**💐💐Congratulations to the Winners💐💐**

**Teacher's Get-together**








Copyrights @ Pallikoodam

## Fun corner

**പദപ്രശ്നം** [This crossword is a mix of malayalam and english questions, **all answers are in English**]




Down

1. Child of Lion
2. വവ്വാൽ in english
4. ശരീരത്തിലെ വിഷാംശങ്ങളെ ശുദ്ധികരിക്കുന്ന അവയവം
5. Red Cross Headquarters location
6. ലോകത്തിലെ ഏറ്റവും വലിയ മരുഭൂമി
7. Wireless Fidelity
9. മലയാളികളുടെ ഒരു മുഖ്യ ആഘോഷം

Across

1. Enemy of Dogs
2. സഞ്ചി in english
3. Founder of Microsft
8. "സൂര്യകാന്തിപ്പൂക്കൾ" – creator of this famous painting
10. Opposite of "അടുത്ത്"
11. നമ്മൾ ശ്വസിക്കുന്നത്
12. ഉന്നം പിടിക്കുക



ANSWERS

## പഴഞ്ചൊല്ലുകളും - അർത്ഥങ്ങളും

1. ഉരുളയ്ക്ക് ഉപ്പേരി - ചുട്ട മറുപടി.
2. ഒഴിഞ്ഞ പാത്രമേ മുഴക്കമുണ്ടാക്കു - വിവരമുള്ളവർ ബഹളം വെക്കില്ല.
3. കയ്യനങ്ങിയാലേ വായനങ്ങു - അധ്വാനിച്ചാലേ ആഹാരം ലഭിക്കൂ.
4. അണ്ണാൻ കുഞ്ഞും തന്നാലായത് - ചെറിയവർക്കും തന്നാലാവുന്ന സഹായം ചെയ്യാൻ സാധിക്കും.
5. കഥയിൽ ചോദ്യമില്ല - കഥയിൽ യുക്തി വേണമെന്നില്ല.
6. കളയില്ലാതെ വിളയില്ല - ഒരു കുറ്റവുമില്ലാതെ ആരും ഉണ്ടാവില്ല.
7. അന്ന വിചാരം മുന്ന വിചാരം, പിന്നെ വിചാരം കാര്യ വിചാരം - ഏറ്റവും പ്രധാനം ആഹാരത്തിന്റെ കാര്യമാണ്

Kindly give us your valuable feedback. It would help us to improve. We also invite article for the future newsletters.
Please write to pallikoodam.madhurammalayalam@gmail.com

Copyrights @ Pallikoodam